"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടഞ്ഞുകിടന്ന സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളുടെ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ വിനോദ നികുതി ഇളവു ചെയ്തു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.2358/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 22/11/2021

പരാമർശം :- 1) 22/06/2021 തീയതിയിലെ സ.ഉ(സാധാ) 1195/2021/ത.സ്വ.ഭ.വ
2) ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികളുമായി 18/08/2021-ൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനം

ഉത്തരവ്

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സിനിമാ തിയേറ്ററുകൾ അടച്ചിട്ടിരുന്ന സാഹചര്യത്തിൽ, സിനിമ മേഖലയ്ക്ക് സമാശ്വാസമായി അനുവദിച്ച ആനുകൂല്യങ്ങളുടെ ഭാഗമായി സിനിമ തിയേറ്ററുകൾക്കുള്ള വിനോദനികുതി 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഇളവ് ചെയ്ത് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സംസ്ഥാനത്തെ സിനിമ തിയേറ്ററുകൾ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകാത്ത സാഹചര്യത്തിൽ, സിനിമ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സിനിമാ വ്യവസായത്തിന് അടിയന്തിരമായി ഇളവുകൾ അനുവദിക്കുന്നതിന് പരമാർശം (2) പ്രകാരം കൂടിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെ തുടർന്ന് അടഞ്ഞു കിടന്നിരുന്ന സിനിമാ തിയേറ്ററുകൾക്ക് ഏർപ്പെടുത്തിയിരുന്ന വിനോദ നികുതി 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ ഇളവു ചെയ്തു നല്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (05/11/2021 -ലെ 1816061/ഡെവ-3/115/21-ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/190/2021/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ